"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

അഗ്നിരക്ഷാസേവനവകുപ്പ് - ഫയർ എൻ.ഒ.സി. ഫീസിനത്തിൽ ഒടുക്കിയ തുക റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ആഭ്യന്തര(എഫ്)വകുപ്പ്**

സ.ഉ.(സാധാ) നം.**1080/2025/HOME** തീയതി,തിരുവനന്തപുരം, **28-03-2025**

---

പരാമർശം:- അഗ്നിരക്ഷാസേവനവകുപ്പ് ഡയറക്ടർ ജനറലിന്റെ **15.07.2024 & 10.01.2025** തീയതികളിലെ **FIREHQ/1578/2024-F2** നമ്പർ കത്തുകൾ.

**ഉത്തരവ്**

ഡോ.ജോർജ്ജ് സാമുവൽ പടീക്കൽ, സമറിറ്റൻ മെഡിക്കൽ സെന്റർ, ചങ്ങനാശ്ശേരി എന്ന വ്യക്തിയുടെ പേരിൽ കെട്ടിട നിർമ്മാണ സാക്ഷ്യപത്രം എടുക്കുന്നതിനായി വകുപ്പുതലശീർഷകമായ **"0070-60-109-99"**-ൽ രണ്ടു ചലാനുകളിലായി ആകെ **1,87,121/-**രൂപ (ഒരു ലക്ഷത്തി എൺപത്തിയേഴായിരത്തി ഒരുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) ചങ്ങനാശ്ശേരി സബ് ട്രഷറിയിൽ ഒടുക്കിയിരുന്നെങ്കിലും ചലാനുകൾ നാളിതുവരെ വകുപ്പുതലസേവനങ്ങൾക്ക് ഉപയോഗിച്ചിട്ടില്ലാത്തതിനാൽ തിരികെ ലഭിക്കണമെന്ന ഡോ.ജോർജ്ജ് സാമുവലിന്റെ അപേക്ഷ **15.07.2024** തീയതിയിലെ പരാമർശിത കത്ത് പ്രകാരം അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറൽ ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

**2.** പ്രസ്തുത ചലാനുകൾ എൻ.ഒ.സി. ആവശ്യങ്ങൾക്കോ, വകുപ്പിൽ നിന്നുള്ള മറ്റു സേവനങ്ങൾക്കോ നാളിതുവരെ ഉപയോഗിച്ചിട്ടില്ല എന്ന് ചങ്ങനാശ്ശേരി സ്റ്റേഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായും രണ്ട് വ്യത്യസ്ഥ ചലാനുകളിലായി **1,87,121/-** രൂപ ചങ്ങനാശ്ശേരി സബ്ബ് ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതായി ട്രഷറി ഓഫീസർ അറിയിച്ചിട്ടുള്ളതാണെന്നും ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരുന്നു

**3.**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.ജോർജ്ജ് സാമുവൽ പടിക്കൽ, സമറിറ്റൻ മെഡിക്കൽ സെൻറർ, ചങ്ങനാശ്ശേരി തെറ്റായി ഒടുക്കിയ തുക **1,87,121/-** രൂപ റീഫണ്ട് ചെയ്ത് നൽകിയിട്ടില്ലായെന്ന് ഉറപ്പ് വരുത്തിയ ശേഷം, **0070-60-109-99** ശീർഷകത്തിൽ നിന്നും റീഫണ്ട് ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**4.**ഭരണാനുമതി ഉത്തരവ് സഹിതം ട്രഷറി ആപ്ലിക്കേഷനിലെ 'റീഫണ്ട് മാസ്റ്ററിൽ'

ഉൾപ്പെടുത്തുന്നതിനായി തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ട്രഷറിയിൽ സമർപ്പിക്കുവാനും **BIMS** കൈകാര്യം ചെയ്യുന്ന ഒരു അനുയോജ്യ ഡി.ഡി.ഒ. യെ പ്രസ്തുത റീഫണ്ട് നടപടികൾ സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തുവാനും വേണ്ട നടപടികൾ അഗ്നിരക്ഷാസേവനവകുപ്പ് ഡയറക്ടർ ജനറൽ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, കേരള അഗ്നിരക്ഷാ സേവന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് **(15.03.2025** ലെ **2883139/Exp-B1/441/2024-Fin.** പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shabeer S
Date: 29-03-2025 11:38:50
സെക്ഷൻ ഓഫീസർ